താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

123 (128) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ആർക്കാണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ ;

(സി) ഈ പ്രവൃത്തിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) ഈ വിദ്യാലയത്തിൽ ഗേറ്റ്, ചുറ്റുമതിൽ, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഇ) ഈ വിദ്യാലയത്തിൽ നിലവിൽ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ താനൂർ ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3 നില അക്കാദമിക് ബ്ലോക്ക് നിർമ്മിച്ചു നൽകുന്നതിന് 298.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ്. പ്രസ്തുത പ്രവൃത്തി കരാർ ഒപ്പുവച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതാണ്.

(സി) താനൂർ ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3 നില അക്കാദമിക് ബ്ലോക്ക് നിർമ്മിച്ചു നൽകുന്നതിന് 298.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വിദ്യാലയത്തിന്റെ ഗേറ്റിന്റെയും ഗ്രൗണ്ടിന്റെയും പണി പൂർത്തിയായിട്ടുള്ളതാണ്. നിലവിൽ ചുറ്റുമതിൽ ഉണ്ടായിരുന്നത് ഭാഗീകമായി തകർന്ന അവസ്ഥയിലാണ്.

(ഇ) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സ്കൂളിനാവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവയുടെ ആവശ്യകത സ്കൂളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഓലക്കീൽക്കടവ് പാലം

124 (129) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും പ്രധാന ആവശ്യവുമായ ഓലക്കീൽക്കടവ് പാലം നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

ടി പ്രവൃത്തിയുടെ പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും നബാർഡിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് നബാർഡ് ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽ നിന്നും പദ്ധതികൾക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക തലവരി അനുവദിച്ചിട്ടില്ല. ആയതിനാൽ ഇത്തരം പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിക്കുന്നതിന് പ്രത്യേക ശീർഷകം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly